# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3433 — 08.11.2019 ലെ മറുപടിക്ക്

## തിരുവനന്തപുരം നഗരസഭയിൽ ഐ.ബി.പി.എം.എസ് സോഫ്റ്റ് വെയർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.വിൻസെന്റ് | | ശ്രീ.എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനായി ഐ.ബി.പി. എം.എസ് എന്ന സോഫ്റ്റ് വെയറാണോ തിരുവനന്തപുരം നഗരസഭ നിലവിൽ ഉപയോഗിക്കുന്നത് എന്ന് അറിയിക്കുമോ? | (എ) | അതെ. |
| (ബി) | പരാതിരഹിതമായി പ്രവർത്തിച്ചിരുന്ന സങ്കേതമെന്ന സോഫ്റ്റ് വെയർ മാറ്റി ഐ.ബി.പി.എം.എസ്സിൽ അപേക്ഷ സ്വീകരിക്കുവാൻ തുടങ്ങിയത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ; | (ബി) | സങ്കേതം ഒരു ഇന്റലിജന്റ് സോഫ്റ്റ് വെയർ ആയിരുന്നില്ല. അപേക്ഷ സ്വീകരിക്കുന്നത് സങ്കേതം വഴി ആയിരുന്നെങ്കിലും അപേക്ഷയുടെ പരിശോധന മുതൽ നിർമ്മാണാനുമതി നൽകുന്നതുവരെയുള്ള നടപടിക്രമങ്ങളെല്ലാം ഉദ്യോഗസ്ഥ തലത്തിലാണ് ചെയ്തിരുന്നത്. എന്നാൽ ഐ.ബി.പി.എം.എസ്. ഒരു ഇന്റലിജന്റ് സോഫ്റ്റ് വെയറാണ്. മാനുഷിക ഇടപെടലുകൾ പൂർണ്ണമായും ഒഴിവാക്കി സോഫ്റ്റ് വെയറിന്റെ സഹായത്തോടെ ബിൽഡിംഗ് പ്ലാനിൽ നിന്നും നേരിട്ട് വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തി കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി സമർപ്പിച്ചിട്ടുള്ള പ്ലാനുകൾ അംഗീകരിക്കുന്നതിനും ചട്ടവിരുദ്ധമായി സമർപ്പിച്ചിട്ടുള്ള പ്ലാനുകൾ നിരസിക്കുന്നതിനും ഈ സോഫ്റ്റ് വെയർ പര്യാപ്തമാണ്. ഈ സാഹചര്യത്തിലാണ് സങ്കേതം ഒഴിവാക്കി തിരുവനന്തപുരം നഗരസഭയിൽ ഐ.ബി.പി.എം.എസ്. നടപ്പിലാക്കിയത്. |
| (സി) | പുതിയ സോഫ്റ്റ് വെയറിലുള്ള പോരായ്മ മൂലം പല അപേക്ഷകളും പ്രോസസ്സ് ചെയ്യുന്നതിന് സാധിക്കാത്ത അവസ്ഥ സംജാതമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (സി) | ഇല്ല. |

(തുടർച്ച......2)

| | | | |
|---|---|---|---|
| (ഡി) | വ്യാവസായിക ആവശ്യത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി അപേക്ഷിക്കുന്നതിന് പ്രത്യേക സോഫ്റ്റ് വെയറാണോ നിലവിൽ ഉപയോഗിക്കുന്നത്; | (ഡി) യും (ഇ) യും | കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് നിലവിൽ ഐ.ബി.പി.എം.എസ്. എന്ന സോഫ്റ്റ് വെയർ മാത്രമാണ് ഉപയോഗിക്കുന്നത്. |
| (ഇ) | കെട്ടിട നിർമ്മാണത്തിന് രണ്ട് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നത് മൂലം ആശയകുഴപ്പം ഉണ്ടായിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ